# വക്കം മൗലവി

## (1873—1932)

ഇരുപതാം നൂററാണ്ടിൻെറ ആദ്യദശകങ്ങളിലും അതിനു തൊട്ടുമുമ്പും കേരളീയർക്കിടയിൽ, വിശിഷ്യാ, മുസ്ലിംകൾക്കിടയിൽ പലതുകൊണ്ടും പ്രത്യേകതയാർജ്ജിച്ച ഒരു ഉന്നത വ്യക്തിത്വമായിരുന്നു വക്കം മൗലവി എന്നു പ്രസിദ്ധനായ വക്കം മുഹമ്മദ് അബ്ദുൽ കാദിർ മൗലവിയുടേത്. ഐശ്വര്യസമൃദ്ധമായ ചുററുപാടുകൾ. ജ്ഞാനാന്വേഷികളും മത പണ്ഡിതന്മാരും ഒത്തുകൂടുന്ന ഒരു കേന്ദ്രം. അറിവും സമൃദ്ധിയും സംതൃപ്തിയും തങ്ങിനിൽക്കുന്ന അന്തരീക്ഷം. മൗലവി വളർന്ന ചുററുപാടുകൾ അതായിരുന്നു. അവിടെ എന്നും അതിഥികളുണ്ട്— കേരളത്തിൻെറ നാനാഭാഗത്തു നിന്നും തൊട്ടടുത്ത തമിഴകത്തുനിന്നും അറിവും ഔദാര്യവും ആശ്വാസവും തേടി അവരെത്തുന്നു. അവിടെ ആതിഥ്യത്തിൻെറ പരിമിതിയൊന്നും ആർക്കും അനുഭവപ്പെടുകയില്ല. സംതൃപ്തിയോടെ അവർ കഴിയും. പലപ്പോഴും മടങ്ങിപ്പോകാൻ ആതിഥേയൻ അനുവാദം നൽകിയെന്നുവരില്ല.

ആരുടേയും ആദരവ് പിടിച്ചുപററാൻ കഴിയുന്ന വ്യക്തിത്വമാണ് മൗലവിയുടേത്— മൃദുസ്വരത്തിൽ

സൗമ്യമായ സംഭാഷണം. ആർഭാടമില്ലാത്ത ശുഭ്രവേഷം സർവോപരി വിനയം. എളിമയുടെ ആ ഗാംഭീര്യരൂപത്തിൽകൃത്രിമത്വമില്ല. അറിവും സംസ്ക്കാരവും രൂപപ്പെടുത്തിയതാണത്. ആരേയും തന്നിൽകുറച്ച് കാണാതിരിക്കുവാനുള്ളകഴിവ്. താൻ എല്ലാവരുടേയും നന്മയ്ക്ക്വേണ്ടി ജീവിക്കുവാൻ ബാദ്ധ്യസ്ഥനാണെന്ന ബോധം. തന്റെ കഴിവും സമ്പത്തും നന്മയുടെമാർഗ്ഗത്തിൽ ചിലവഴിക്കാനുള്ളതാണെന്ന വിശ്വാസം. അദ്ദേഹം ജീവിതകാലം മുഴുവൻ അറിവു തേടുകയും അറിവു നേടുകയും അറിവു പകരുകയും ചെയ്തു. അനീതിയ്ക്കെതിരേ അടങ്ങാത്ത ധർമ്മരോഷം, ജനങ്ങളുടെ ധാർമ്മികോൽക്കർഷത്തിലൂടെ മാത്രമേ സാമൂഹ്യ പുരോഗതി നേടാനാവൂ എന്ന വിശ്വാസം— ഈ മനോഭാവം എന്തെന്തു കർമ്മരംഗങ്ങളിലേയ്ക്കാണ് അദ്ദേഹത്തെ നയിച്ചുകൊണ്ടുപോയത് ?

കേരളമുസ്ലിംകളുടെ വിദ്യാഭ്യാസപരവും സംഘടനാപരവും മതപരവുമായ നവോത്ഥാനത്തിനുവേണ്ടി ഉഴിഞ്ഞുവച്ചതായിരുന്നുആ ജീവിതം. എന്നാൽ അദ്ദേഹം സങ്കുചിതചിത്തനായ ഒരു സമുദായപക്ഷപാതിയുമായിരുന്നില്ല. ജാതിമതഭേദമെന്യേ എല്ലാവരും അദ്ദേഹത്തെ സ്നേഹിച്ചു, ആദരിച്ചു, അദ്ദേഹത്തിന്റെ ആശീർവാദത്തിനുവേണ്ടി കൊതിച്ചു. ഏവരുടേയും സ്നേഹവും വിശ്വാസവും ആദരവും പിടിച്ചു പററാൻ അദ്ദേഹത്തിനു കഴിഞ്ഞു,

എന്തെല്ലാം അന്ധവിശ്വസങ്ങൾക്കും അനാചാരങ്ങൾക്കും ഇസ്ലാം എതിരായിരുന്നുവോ അവ മിയ്ക്കതും വീണ്ടും അവരുടെയിടയിൽ സ്ഥാനം പിടിച്ചിരിക്കുന്നതായിഅദ്ദേഹംകണ്ടു. ഈഅപകർഷഹേതുക്കൾ പൊതുവേ മുസ്ലിംലോകമെങ്ങും നില നിൽക്കുന്ന

തായും അദ്ദേഹത്തിനുബോദ്ധ്യമായി.മുസ്ലിംകളുടെ നവോത്ഥാനത്തിനുവേണ്ടി കർമ്മനിരതരായിരുന്ന സ യ്യിദ് ജമാലുദ്ദീൻ അഫ്ഘാനി, ശൈഖ് മുഹമ്മദ് അബ്ദു, സയ്യിദ് റഷീദ് റിസാ തുടങ്ങിയവരുടെ പ്ര വർത്തനങ്ങളും, അവർ നടത്തിയിരുന്ന അൽ-മനാർ, അൽ-ഉർവത്തുൽ ഉസ്ഖാ തുടങ്ങിയ ആനുകാലിക പ്ര സിദ്ധീകരണങ്ങളുമെല്ലാം മൗലവിയുടെ പ്രചോദന കേന്ദ്രങ്ങളായിരുന്നു. ആ മഹാത്മാക്കളോടും ആ പ്ര സിദ്ധീകരണങ്ങളോടും ഒരു തരംവൈകാരിക ബന്ധം തന്നെയായിരുന്നു മൗലവിയ്ക്കുണ്ടായിരുന്നത്, അവ യെല്ലാം തന്നെ മൗലവിയെ ഉത്തേജിപ്പിച്ചു. കർമ്മനിര തനാക്കി—1932-ൽ 59-ാമത്തെ വയസ്സിൽ അന്ത്യശ്വാസം വലിക്കുന്നതുവരെ.

ഒരുയുവാവായിരിക്കവേ തന്നെ മഹാപ്രതിഭാശാലിയായ ഇമാംഗസ്സാലിയിൽ അദ്ദേഹം ആകൃഷ്ടനായി. ബഹുഭാഷാപണ്ഡിതനായ മൗലവി ഇമാമിൻെറ പേഴ്സ്യൻകൃതിയായ 'കീമിയാസആദാ'യുടെപരിഭാഷ ആ ചെറുപ്രായത്തിൽതന്നെ പൂർത്തിയാക്കി. പേഴ്സ്യൻ ഭാഷയിൽനിന്നും നേരിട്ട് മലയാളത്തിലേയ്ക്ക് ഭാഷാന്തരം ചെയ്യപ്പെടുന്ന മലയാളത്തിലെ ആദ്യത്തെകൃതിയും ഇതുതന്നെയായിരിയ്ക്കണം. സ്വയം പരിഷ്കരിച്ചഅറബിമലയാളലിപിയിലാണ്ഈകൃതിആദ്യമായി അച്ചടിക്കപ്പെട്ടത്. മുസ്ലിം പരിഷ്കർത്താക്കളായ ഇമാം ഇബ്നു തൈമിയ്യാ, മുഹമ്മദിബ്നു അബ്'ദുൽ വഹ്ഹാബ്, ഷാ വലിയുല്ലാ ദഹ്‌ലവിഎന്നിവരും മൗലവിയെ വളരെയധികം സ്വാധീനിച്ചവരാണ്. സയ്യിദ് അഹമ്മദ്ഖാൻെറ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും മൗലവി അത്യന്തം ആകൃഷ്ടനായി.

രാഷ്ട്രീയ വീക്ഷണത്തിലുംമൗലവിശ്രദ്ധേയനായിരുന്നു. ഒരു ഉത്തമ ദേശീയവാദിയും ഇന്ത്യയുടെ

രാഷ്ട്രീയ വിമോചനത്തിന് വേണ്ടിയുള്ള പ്രസ്ഥാനത്തിൽ പങ്കാളിയുമായിരുന്നു അദ്ദേഹം. ഒററപ്പാലം കോൺഗ്രസ് സമ്മേളനത്തിൽ വക്കം മൗലവി പങ്കെടുത്തിരുന്നു വെന്നുള്ള കാര്യം ഇന്നത്തെ തലമുറയിൽ എത്രപേർക്കറിയാം ? തൻെറ മൂത്ത മകനെ ജാമിയാ മില്ലിയ്യാ ദേശീയ സർവ്വകലാ ശാലയിൽ അയച്ചാണ് പഠിപ്പിച്ചതെന്ന കാര്യവും ശ്രദ്ധേയമായി നാം എടുക്കണം.

ജനങ്ങളെ ഉൽബുദ്ധരാക്കുവാൻ വേണ്ടി ആശയ വിനിമയത്തിൻെറ എല്ലാ മേഖലകളും ഉപയോഗപ്പെടുത്തുവാൻ മൗലവി തീരുമാനിച്ചു. അന്നത്തെ നിലയ്ക്ക് വമ്പിച്ചൊരു മുതൽ മുടക്കി ഒരു പ്രസ്സും പ്രസിദ്ധീകരണാലയവും പത്രവും തുടങ്ങി. മൗലവി സ്ഥാപിച്ച സ്വദേശാഭിമാനിപ്പത്രം മലയാള വൃത്താന്തപ്പത്രചരിത്രത്തിൽഒരുവിപ്ലവം തന്നെസൃഷ്ടിച്ചു. പൊതുജീവിതത്തിലെ അധർമ്മത്തിനും അഴിമതിക്കുമെതിരേ ശബ്ദിച്ചുകൊണ്ടിരുന്ന സ്വദേശാഭിമാനിപ്പത്രവും അതിൻെറ ഒടുവിലത്തെ പത്രാധിപരായിരുന്ന ശ്രീ. രാമകൃഷ്ണപിള്ളയും തിരുവിതാംകൂറിലെ ഭരണാധികാരികളുടെ ശിക്ഷാനടപടികൾക്കു വിധേയമായി. പത്രവും പ്രസ്സും ഗവൺമെൻറ് കണ്ടുകെട്ടി. പത്രാധിപരെനാടുകടത്തി. തൻെറ പ്രസ്സും പത്രവും തിരിച്ചു കിട്ടുവാൻവേണ്ടി സർക്കാരിന് അപേക്ഷ സമർപ്പിക്കുവാൻ പറഞ്ഞവരോട് മൗലവി പറഞ്ഞ മറുപടി സുപ്രസിദ്ധമാണ്: "എൻെറ പത്രാധിപരില്ലാതെ എനിക്ക് പത്രമെന്തിന്?" ആ ആദർശസ്ഥൈര്യത്തിന് മറെറാരു ദാഹരണമെവിടെ ?

കേരള മുസ്ലിംകളുടെ നവോത്ഥാനം ലക്ഷ്യമാക്കി മൗലവി നടത്തിയ 'മുസ്ലിം' മാസിക കേരളക്കരയിൽ പ്രബുദ്ധരായ ഒരു തലമുറയെ വാർത്തെടുക്കുവാൻ

സഹായിച്ചു. തൗഹീദിൻെറ വിപ്ലവ സന്ദേശം കേരള ക്കരയിലെങ്ങും മാറെറാലിക്കൊണ്ടു. അനാചാരധ്വംസ നത്തിനും വിദ്യാഭ്യാസ പ്രവർത്തനത്തിനും യുവത ലമുറ മുന്നിട്ടിറങ്ങി. തിരുവിതാംകൂറിലും കൊച്ചിയി ലും മലബാർ പ്രദേശത്തും ബഹുമുഖമായ പ്രവർത്ത നങ്ങളാരംഭിച്ചു. ആധുനിക മദ്രസകളും, സ്കൂളുക ളും, പത്രങ്ങളും, സംഘടനകളും രൂപംകൊണ്ടു. ചി റയിൻകീഴ് താലൂക്കു സമാജം, ആലപ്പുഴ ലജ്നത്തുൽ മുഹമ്മദീയ്യാ സംഘം, കൊടുങ്ങല്ലൂരിലെ മുസ്ലിം ഐ ക്യസംഘം, തിരുവിതാംകൂർ മുസ്ലിം മഹാജന സഭ, കൊല്ലത്തെ മുസ്ലിം ധർമ്മപോഷിണി സഭ എന്നിങ്ങനെ എത്രയെത്ര സംഘടനകളാണ് മൗലവി ഉയർത്തിയ കാ ഹളധ്വനി ഏററുവിളിച്ചത്. അതുപോലെ ഐക്യം, മലബാർ ഇസ്ലാം, മുഹമ്മദീയ ദർപ്പണം എന്നിങ്ങനെ അനവധി പത്രമാസികകളും അവിടവിടെയായി പ്ര സിദ്ധീകരിച്ചുതുടങ്ങി. ആകപ്പാടെ ഒരു നവോന്മേ ഷം പകരുവാൻ മൗലവി ഉണർത്തിവിട്ട ചിന്താതരംഗ ങ്ങൾക്കുസാധിച്ചുവെന്ന്പറയണം. കെ. എം. മൗലവി യേയും കെ. എം. സീതിസാഹിബിനെയും പോലുള്ള സാംസ്ക്കാരികനേതാക്കന്മാരെസംഭാവനചെയ്തതും മൗലവിഉണർത്തിവിട്ടനവോത്ഥാനതരംഗങ്ങളാണ്. കേ രളമുസ്ലിംകളുടെ നവോത്ഥാനനായകനെ അന്വേഷി ക്കുമ്പോൾ ഒടുവിൽ നാം എത്തിച്ചേരുക വക്കം മുഹ മ്മദ് അബ്ദുൽകാദിർ മൗലവിയിലായിരിക്കും. സം ശയമില്ല.

മുസ്ലിം സ്ത്രീജനങ്ങളുടെ ഉൽബുദ്ധതലാക്കാ ക്കി അറബി മലയാളത്തിൽ മൗലവി തുടങ്ങിയ ഒരു മാ സികയാണ് അൽ-ഇസ്ലാം. ഇതിലൂടെയാണ്മൗലവിയു ടെപ്രസിദ്ധമായ 'ഫാത്തിഹാ'പരിഭാഷയും വ്യാഖ്യാ

നവുംആദ്യമായി പുറത്തു വന്നത്. തൻെറ ജീവിതാന്ത്യത്തോട് അടുത്തകാലഘട്ടത്തിലാണ് 'ദീപിക' മാസിക തുടങ്ങിയത്. കൃത്യം ഒരു വർഷമേ അത് നിലനിന്നുള്ളു. എന്നാൽ പലതുകൊണ്ടും പ്രത്യേകതയാർജ്ജിച്ച ഒരു മാസിക തന്നെയായിരുന്നു അത്. മൗലവിയുടെ സ്വന്തം കൈപ്പടയിൽ എഴുതിയ ഖുർ ആൻ സൂക്തങ്ങളും മലയാള പരിഭാഷയും വ്യാഖ്യാനവും തുടർച്ചയായി എഴുതി പ്രസിദ്ധീകരിച്ചു തുടങ്ങിയത് ദീപികയിലൂടെയാണ്. അത് പൂർത്തിയാക്കാൻ കഴിയും മുമ്പേ അദ്ദേഹം രോഗഗ്രസ്തനായി, 1108 തുലാം 15-ാം തീയതി (1932 നവംബറിൽ) ആ കർമ്മയോഗി ഈ ലോകത്തോടു വിടപറയുകയും ചെയ്തു.

തിരുവിതാംകൂർ സംസ്ഥാനത്ത് മുസ്ലിംകളുടെ വിദ്യാഭ്യാസാഭിവൃദ്ധിയ്ക്കുവേണ്ടി സർക്കാരിനെക്കൊണ്ട് പല നല്ല പരിപാടികളും തുടങ്ങിക്കുകയും അറബി പഠനത്തിനുള്ള സൗകര്യങ്ങൾ സ്കൂളുകളിൽ ഏർപ്പെടുത്തി മുസ്ലിം വിദ്യാർത്ഥികളെ വിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കുകയും ആ സംരംഭം വിജയിപ്പിക്കുന്നതിനുവേണ്ടി പാഠ്യപദ്ധതികളും പാഠപുസ്തകങ്ങളും അദ്ധ്യാപക പരിശീലനപദ്ധതികളും ആവിഷ്കരിച്ച് പ്രയോഗത്തിൽ വരുത്തുകയും ചെയ്തത് വക്കം മൗലവിയാണ്. അറബി ഭാഷാ പഠനവും ഇസ്ലാമിക പഠനവും ആധുനിക പ്രസിദ്ധീകരണങ്ങളുമായുള്ള പരിചയവും ആഗ്രഹിച്ചിരുന്ന നിരവധി ആളുകൾ നാടിൻെറ നാനാഭാഗത്തുനിന്നും വക്കത്തേയ്ക്ക് വരുകയും മൗലവിയുടെ കീഴിൽ പഠനം നടത്തുകയും പാണ്ഡിത്യം നേടുകയു മുണ്ടായി. അങ്ങനെ വമ്പിച്ചൊരു ശിഷ്യഗണത്തെ താനേറെടുത്ത കൃത്യം ഏല്പിച്ചശേഷമാണ് ആ മഹദ് ജീവിതത്തിനു തിരശ്ശീലവീണത്.

വക്കം മൗലവിയുടെപത്രമാസികകൾക്കു പുറമേ പല കൃതികളും അദ്ദേഹം രചിച്ചിട്ടുണ്ട്. അവയിൽ 'ളൗഉ- സ്സബാഹ്' ഇസ്ലാം മതസിദ്ധാന്ത സംഗ്രഹം, ഖുർ ആൻ തുടങ്ങിയ സ്വതന്ത്ര കൃതികളും, കീമിയാ-സആദാ', അഹ്ലുസ്സുന്നത്തിവൽ ജമാ അത്ത്, ഇസ്ലാമിന്റെ സന്ദേശം എന്നിവ തർജ്ജിമകളുമാണ്. 'വക്കം മൗലവിയുടെ തിരഞ്ഞെടുത്ത കൃതികൾ' 1979- ൽ പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. എന്നാൽ പുനഃപ്രസിദ്ധീകരണം അർഹിക്കുന്ന ഒട്ടു വളരെ പ്രബന്ധങ്ങളും കൃതികളും ഇനിയും സമാഹരിക്കപ്പെടാതെ അവശേഷിക്കുകയാണ്.

എ. ഷാഹുൽ ഹമീദ്